ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE : 05.05.2026

1. സംസ്ഥാനത്ത് മന്ത്രിസഭാ രൂപീകരണ നീക്കങ്ങൾ സജീവമാക്കാൻ യുഡിഎഫ്. ഗവർണർക്ക് രാജി സമർപ്പിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ..

2. തമിഴ്നാട്ടിൽ മുന്നിലെത്തി നടൻ വിജയുടെ ടി.വി.കെ. പുതുച്ചേരിയിലെ നിയമസഭാകക്ഷി നേതാവിനെ തെരഞ്ഞെടുക്കാൻ കേന്ദ്ര നിരീക്ഷകരെ നിയമിച്ച് ബി.ജെ.പി. അസമിലും പശ്ചിമബംഗാളിലും ഭരണമുറപ്പിച്ച് എൻഡിഎ.

3. യു.എ.ഇയിൽ ഇറാൻ ഡ്രോൺ ആക്രമണത്തിൽ മൂന്ന് ഇന്ത്യൻ പൗരന്മാർക്ക് പരിക്കേറ്റ സാഹചര്യം അംഗീകരിക്കാനാവില്ലെന്ന് ഇന്ത്യ. അപലപിച്ച് ലോക നേതാക്കളും.

4. പുലിറ്റ്സർ തിളക്കത്തിൽ ഇന്ത്യ; പുരസ്കാര നിറവിൽ ആനന്ദ് ആർ.കെയും സുപർണ്ണ ശർമ്മയും.

5. സംസ്ഥാനത്ത് ചൂട് കൂടുന്നു. ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി.

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്ങ്സ്- ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.

RNU TVPM

## UDF വീണ്ടും അധികാരത്തിലേക്ക്

സംസ്ഥാനത്ത് പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷം UDF വീണ്ടും അധികാരത്തിലേക്ക്. മന്ത്രിസഭാ രൂപീകരണ നീക്കങ്ങൾ സജീവമാക്കാൻ ഒരുങ്ങുകയാണ് സഖ്യം. കോൺഗ്രസിന്റേയും തുടർന്ന് യുഡിഎഫിന്റേയും നിയമസഭാ കക്ഷി യോഗങ്ങൾക്ക് ശേഷമായിരിക്കും മന്ത്രിസഭാ രൂപീകരണത്തിനായുള്ള അവകാശവാദം ഗവർണർക്കു മുന്നിൽ സമർപ്പിക്കുക. അതേസമയം മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഗവർണർക്ക് രാജി സമർപ്പിച്ചു. രാജി അംഗീകരിച്ച ഗവർണർ പുതിയ ക്രമീകരണങ്ങൾ ഉണ്ടാകുന്നതുവരെ മുഖ്യമന്ത്രിയോട് തുടരാൻ നിർദ്ദേശിച്ചു. അതിനിടെ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂരിൽ നിന്നും തിരുവനന്തപുരത്തെത്തി. ആകെയുള്ള 140 മണ്ഡലങ്ങളിൽ 102 സീറ്റുകളിലാണ് UDF വിജയിച്ചത്. LDF 35 സീറ്റുകളും എൻഡിഎ 3 സീറ്റും നേടി.

RNUTVPM

✠✠✠✠✠✠✠✠✠✠✠✠✠

## കേരള കോൺഗ്രസ് യോഗം

കേരള കോൺഗ്രസിലെ നിയുക്ത എംഎൽഎമാർ ഇന്നലെ അർധരാത്രിയോടെ ഇടുക്കി തൊടുപുഴയിലെ പി.ജെ. ജോസഫിന്റെ വസതിയിൽ യോഗം ചേർന്നു. നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് മികച്ച വിജയം നേടാനായ പശ്ചാത്തലത്തിലായിരുന്നു കൂടിക്കാഴ്ച. പാർട്ടിയുടെ മുഴുവൻ എംഎൽഎമാരും യോഗത്തിൽ പങ്കെടുത്തു.

✠✠✠✠✠✠✠✠✠✠✠✠✠

## തമിഴ്നാട് ഇലക്ഷൻ

തമിഴ്നാട്ടിൽ നടൻ വിജയ്‌യുടെ രാഷ്ട്രീയ പാർട്ടിയായ തമിഴക വെട്രി കഴകം 108 സീറ്റുകൾ നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. ഭരണകക്ഷിയായ ഡി.എം.കെ 59 സീറ്റ് നേടി. എ.ഐ.എ.ഡി.എം.കെ 47 സീറ്റുകളാണ് നേടിയത്. കോൺഗ്രസ് 5 ഉം, സിപിഐ എം 2 ഉം ബി ജെ പി ഒരു സീറ്റിലും വിജയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ബി.ജെ.പി  കേന്ദ്ര നിരീക്ഷകർ

പുതുച്ചേരിയിലെ നിയമസഭാകക്ഷി നേതാവിനെ തെരഞ്ഞെടുക്കുന്നതിൻറെ ഭാഗമായി ബി.ജെ.പി കേന്ദ്ര നിരീക്ഷകരെ നിയമിച്ചു. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ,നിർമ്മൽകുമാർ സുരാന എന്നിവരെയാണ് നിയമിച്ചത്. പുതുച്ചേരിയിലെ 30 നിയമസഭാ മണ്ഡലങ്ങളിൽ NDA സഖ്യം 18 ഇടത്താണ് വിജയിച്ചത്. AINRC 12 സീറ്റ് നേടി.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## പശ്ചിമബംഗാൾ

പശ്ചിമബംഗാളിൽ ഫലം പുറത്തുവന്ന 292 മണ്ഡലങ്ങളിൽ 206 ഇടത്ത് മുന്നിലെത്തി ബിജെപി ഭരണമുറപ്പിച്ചു. തൃണമൂൽ കോൺഗ്രസ് 80 മണ്ഡലങ്ങളിലാണ് വിജയിച്ചത്. ഒരിടത്തെ ഫലം ഇനിയും ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല.

PNU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## അസം - ഇലക്ഷൻ

അസമിൽ 126 സീറ്റുകളിൽ 101 ഇടത്ത് എൻഡിഎ സഖ്യം വിജയിച്ചു. ബിജെപി 82 ഇടത്തും സഖ്യകക്ഷികളായ AGP യും പീപ്പിൾസ് ഫ്രണ്ടും 10 സീറ്റുകൾ വീതവും നേടി. കോൺഗ്രസ് 19ഉം എഐയുഡിഎഫ്, ആർജെആർഡി എന്നിവർ രണ്ട് വീതം സീറ്റും തൃണമൂൽ കോൺഗ്രസ് ഒരു സീറ്റും നേടി.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഹജ്ജ് യാത്രയ്ക്ക് നാളെ തുടക്കമാകും. ആദ്യ വിമാനം പുലർച്ചെ 2.30 ന് പുറപ്പെടും. ഹജ്ജ് ക്യാമ്പിന്റെ ഉദ്ഘാടനം ഇന്ന് വൈകീട്ട് നാലിന് നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.,,

(വോയ്സ്)

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## പുലിറ്റ്സർ പുരസ്കാരം

ഇന്ത്യൻ മാധ്യമപ്രവർത്തകർക്ക് പുലിറ്റ്സർ പുരസ്കാരം. **ആനന്ദ് ആർ.കെ, സുപർണ്ണ ശർമ്മ** എന്നിവരാണ് പുരസ്കാരത്തിന് അർഹരായത്. ഇവർക്കൊപ്പം നതാലി ഒബിക്കോ പിയേഴ്സണും പുരസ്കാരം പങ്കിട്ടു. അന്വേഷണാത്മക റിപ്പോർട്ടിംഗിലൂടെ ഇന്ത്യയിലെ സൈബർ കുറ്റകൃത്യങ്ങൾ തുറന്നുകാട്ടിയതിനാണ് അംഗീകാരം. അന്താരാഷ്ട്ര റിപ്പോർട്ടിംഗ് വിഭാഗത്തിൽ അനിരുദ്ധ ഘോഷാൽ ഉൾപ്പെട്ട അസോസിയേറ്റഡ് പ്രസ് ടീമും പുരസ്കാരം നേടി.

✠✠✠✠✠✠✠✠✠✠✠✠✠

## യു.എ.ഇയിലെ ഫുജൈറ

യു.എ.ഇയിലെ ഫുജൈറ പെട്രോളിയം ഇൻഡസ്ട്രീസ് സോണിന് നേരെ ഉണ്ടായ ആക്രമണത്തിൽ മൂന്ന് ഇന്ത്യൻ പൗരന്മാർക്ക് പരിക്കേറ്റ സംഭവം അംഗീകരിക്കാനാവില്ലെന്ന് വിദേശകാര്യ മന്ത്രാലയം. ഇറാൻ്റെ ഡ്രോൺ ആക്രമണത്തെത്തുടർന്നുണ്ടായ തീപിടുത്തത്തിലാണ് ഇന്ത്യക്കാർക്ക് പരിക്കേറ്റത്. മേഖലയിലെ പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കാനുള്ള എല്ലാ ശ്രമങ്ങൾക്കും പിന്തുണ നൽകാൻ തയ്യാറാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അതേസമയം ഇറാൻ ആക്രമണങ്ങളെ ലോകരാഷ്ട്രങ്ങൾ അപലപിച്ചു. പ്രാദേശിക സുരക്ഷയും സ്ഥിരതയും ശക്തമാക്കുന്നതിനുള്ള ശ്രമങ്ങളെക്കുറിച്ച് സൗദി കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും സംസാരിച്ചു. ജോർദാൻ, ഖത്തർ, ഈജിപ്ത് എന്നിവയുടെ വിദേശകാര്യ മന്ത്രാലയങ്ങളും സംഭവത്തിൽ ആശങ്ക രേഖപ്പെടുത്തി.

RNUTVPM

✠✠✠✠✠✠✠✠✠✠✠✠✠

## ഐ എം എഫ്

പശ്ചിമേഷ്യയിലെ സംഘർഷം 2027 വരെ നീണ്ടുനിൽക്കുകയാണെങ്കിൽ ആഗോള സമ്പദ്‌വ്യവസ്ഥ കടുത്ത പ്രതിസന്ധി നേരിടുമെന്ന് അന്താരാഷ്ട്ര നാണയ നിധിയുടെ

മുന്നറിയിപ്പ്. ഇത്തരമൊരു സാഹചര്യത്തിൽ എണ്ണവില ബാരലിന് 125 **ഡോളർ** വരെ ഉയർന്നേക്കാമെന്ന് ഐ.എം.എഫ് മാനേജിംഗ് ഡയറക്ടർ ക്രിസ്റ്റലീന ജോർജിയേവ പറഞ്ഞു. ഈ സാഹചര്യം തുടർന്നാൽ, 2026-ൽ ആഗോള സാമ്പത്തിക വളർച്ച 2.5 **ശതമാനമായി** കുറയുമെന്നും പണപ്പെരുപ്പം 5.4 **ശതമാനമായി** ഉയരാൻ സാധ്യതയുണ്ടെന്നും ഐ.എം.എഫ് മുന്നറിയിപ്പ് നൽകി.

✠✠✠✠✠✠✠✠✠✠✠✠✠

## യു എസ് - ഇറാൻ സംഘർഷം

ഹോർമുസ് കടലിടുക്കിൻ്റെ നിയന്ത്രണത്തെച്ചൊല്ലി യു എസും ഇറാനും തമ്മിൽ ആക്രമണം ശക്തമായതോടെ ഗൾഫ് മേഖല വീണ്ടും യുദ്ധഭീതിയിൽ. ഹോർമുസ് കടലിടുക്കിൽ കുടുങ്ങിക്കിടക്കുന്ന കപ്പലുകളെ പുറത്തെത്തിക്കാൻ യുഎസ് പ്രസിഡൻ്റ് ഡോണൾഡ് ട്രംപ് '**പ്രോജക്റ്റ് ഫ്രീഡം**' പ്രഖ്യാപിച്ചതാണ് പുതിയ പ്രകോപനത്തിന് കാരണം. യു എസ് ആക്രമണത്തിൽ അഞ്ച് സാധാരണക്കാർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

RNUTVPM

✠✠✠✠✠✠✠✠✠✠✠✠✠

## ചൂട്

സംസ്ഥാനത്ത് ചൂട് കൂടുന്ന സാഹചര്യത്തിൽ ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദേശങ്ങൾ പുറത്തിറക്കി. ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് സാധ്യതയുള്ളതിനാൽ പകൽ 11 മുതൽ 3 മണി വരെയുള്ള സമയത്ത് തുടർച്ചയായി വെയിലേൽക്കുന്നത് ഒഴിവാക്കുക. ദാഹമില്ലെങ്കിലും പരമാവധി ശുദ്ധജലം കുടിക്കുക. ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ച സമയത്ത് സുരക്ഷിതരാണെന്ന് അതത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

✠✠✠✠✠✠✠✠✠✠✠✠✠

## ഇടുക്കി (ഇൻട്രോ)

മധ്യവേനലവധിയോടനുബന്ധിച്ച് തമിഴ്നാടൻ ഗ്രാമമായ കമ്പത്തേക്ക് സഞ്ചാരികളുടെ ഒഴുക്ക്. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നാണ് പ്രധാനമായും സഞ്ചാരികളെത്തുന്നത്. മൂപ്പെത്തി വിളവെടുപ്പിന് പാകമായ മുന്തിരിത്തോട്ടങ്ങൾ കാണാനും രുചിയറിയാനും വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.........**

**(വോയ്സ്)**

✠✠✠✠✠✠✠✠✠✠✠✠✠

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്ങ്സും ഡൽഹി ക്യാപിറ്റൽസും ഏറ്റുമുട്ടും. പ്ലേഓഫിൽ ഇടം നേടാൻ ഇരു ടീമുകൾക്കും ഇന്നത്തെ മൽസരം നിർണ്ണായകമാണ്. നിലവിൽ ആറാം സ്ഥാനത്താണ് ചെന്നൈ. ഏഴാം സ്ഥാനത്താണ് ഡൽഹി.

RNU TVPM

✠✠✠✠✠✠✠✠✠✠✠✠✠

## സന്തോഷ് കെ നായർ

ചലച്ചിത്ര നടൻ സന്തോഷ് കെ. നായർ അന്തരിച്ചു. ഇന്ന് പുലർച്ചെ അടൂർ ഏനാത്ത് എം.സി റോഡിൽ സന്തോഷും ഭാര്യയും സഞ്ചരിച്ച കാർ നിയന്ത്രണം തെറ്റി പാർസൽ ലോറിയിൽ ഇടിക്കുകയായിരുന്നു. ഗുരുതരമായി പരുക്കേറ്റ അദ്ദേഹത്തെ അടൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ചികിത്സയിലിരിക്കെ ഹൃദയാഘാതം സംഭവിക്കുകയായിരുന്നു. ഇരുപതാം നൂറ്റാണ്ട് , ധ്രുവം, കാര്യസ്ഥൻ തുടങ്ങി 100 ൽ അധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. മോഹിനിയാട്ടം ആയിരുന്നു അവസാന ചിത്രം.

✠✠✠✠✠✠✠✠✠✠✠✠✠

## മേയർ വി.വി രാജേഷ്

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നഗരസഭയുടെ പരിധിയിലുള്ള കാര്യങ്ങൾ ചെയ്യുതായി മേയർ വി വി രാജേഷ്. നഗരസഭയുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം

കൂടിയാണ് തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ ഉള്ള രണ്ട് മണ്ഡലങ്ങളിലെ ബിജെപി വിജയമെന്നും മേയർ പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 566 പോയിൻറ് നഷ്ടത്തിൽ 76,703 ലും നിഫ്റ്റി 174 പോയിൻറ് നഷ്ടത്തിൽ 23,945 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി ഒൻപതിനായിരത്തി 400 രൂപയും, ഗ്രാമിന് 13,675 രൂപയുമാണ് ഇന്നത്തെ വില.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## കോൺഗ്രസ് ഓഫിസ് - ആക്രമണം

കണ്ണൂർ വേങ്ങാട് പഞ്ചായത്തിലെ കീഴത്തൂരിൽ കോൺഗ്രസ് ഓഫിസായ രാജീവ് ഭവന് നേരെ ആക്രമണം ഉണ്ടായി. ജനൽ ചില്ലും, കൊടിമരവും ഫർണ്ണിച്ചറുകളും നശിപ്പിച്ചു. അക്രമത്തിന് പിന്നിൽ സി പി ഐ എം ആണെന്ന് കോൺഗ്രസ് ആരോപിച്ചു.

RNUTVPM

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## മലപ്പുറം കൂരിയാട്

ദേശീയപാതയിൽ തകർച്ചയുണ്ടായ പാതയ്ക്ക് പകരമായി മലപ്പുറത്ത് കൂരിയാട് നിർമ്മിച്ച വയഡക്റ്റിൻറെ പ്രവൃത്തികൾ പൂർത്തിയായി. രണ്ടാഴ്ചയ്ക്കകം പാലം തുറന്നു കൊടുക്കാനാകുമെന്ന് കെ.എൻ.ആർ.സി അധികൃതർ പറഞ്ഞു.

✠

✠✠✠✠✠

✠✠✠✠✠✠✠✠✠✠✠✠✠✠✠✠